74

# ഉയിർത്തെഴുന്നേല്പിന്റെ ശക്തി

## (25:13- 27)

ഞാൻ അനേകം ദദ്രാസനപ്പള്ളികൾ സന്ദർശിച്ചിട്ടുണ്ട്, എന്നാൽ അവയിൽ ഏറ്റവും ആകർഷണീയമായതു ലണ്ടനിലെ വെസ്റ്റ് മിനിസ്റ്റർ ആബി ആണ്. എനിക്കു അതു ശ്രദ്ധേയമാണ് - അവിടത്തെ നിർമ്മാണം അല്ല, കാരണം മറിച്ചു അവിടെ അടക്കം ചെയ്തിട്ടുള്ള മഹാന്മാർ നിമിത്തം ആണ്: രാജാക്കന്മാർ, രാഷ്ട്രീയ നേതാക്കന്മാർ, സൈന്യാധിപന്മാർ, പ്രസിദ്ധ കലാകാരന്മാർ എന്നിവരാണ്. പല വിധത്തിലുള്ള തൊഴിലുകൾ ചെയ്തവരെയും ചെയ്യിച്ചവരെയും പ്രതിനിധീകരിച്ചവർ, പക്ഷേ കല്ലറകൾ അവർക്കെല്ലാം പൊതുവായതാണ്: ഓരോന്നിലും "ഇവിടെ കിടക്കുന്നത്" എന്നതിന്റെ കൂടെ, പരിചയമുള്ള പേരും കാണും. വാൾട്ടർ ബി. നൈറ്റ് ഈ നിരീക്ഷണം നടത്തി:

> യേശുവിന്റെ കല്ലറ എത്ര വ്യത്യസ്തമായിരുന്നു. അവിടെ "ഇവിടെ യേശുവിന്റെ ശരീരം കിടക്കുന്നു" [എന്ന്] അല്ലായിരുന്നു, എന്നാൽ ദൂതൻ സ്മരണക്കുറിപ്പു നല്കി: "അവൻ ഇവിടെ ഇല്ല: അവൻ ഉയിർത്തെഴുന്നേറ്റു." ഭൗതിക മാഹാത്മ്യം ശവക്കുഴിയോടെ അവസാനിക്കും. യേശുവിന്റെ ഏറ്റവും വലിയ ശക്തി പ്രദർശനം ആരംഭിക്കുന്നതു കല്ലറയിൽ നിന്നാണ് അവിടെയാണ് അവൻ മരണത്തെ കീഴ്പ്പെടുത്തിയത്.[1]

യേശുവിന്റെ ഉയിർത്തെഴുന്നേല്പ് ആയിരുന്നു പൗലൊസിന്റെ പ്രസംഗത്തിന്റെ മുഖ്യ വിഷയം. അഥേനയിൽ, "അവൻ യേശുവിനെയും പുനരുത്ഥാനത്തെയും ആയിരുന്നു പ്രസംഗിച്ചത്" (17:18). റോമാക്കാരോടു അവൻ പറഞ്ഞു: "ക്രിസ്തു യേശു മരിച്ചവൻ, അതെ, മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ" (റോമർ 8:34). അവൻ കൊരിന്ത്യർക്കു എഴുതി: "ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ, നിങ്ങളുടെ വിശ്വാസം വ്യർത്ഥം; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു" (1 കൊരിന്ത്യർ 15:17).

അപ്പോൾ പൗലൊസിന്റെ 23 മുതൽ 26 വരെയുള്ള അദ്ധ്യായങ്ങളിലെ "പ്രതിവാദങ്ങളിൽ" യേശുവിന്റെ ഉയിർത്തെഴുന്നേല്പ് മുഖ്യ വിഷയം ആക്കിയതിൽ, നമുക്ക്, അതിശയിക്കാനില്ല. നാലു "വിചാരണകളിൽ,"[2] ഓരോന്നിലും അവൻ ഊന്നൽ കൊടുത്തതു ഉയിർത്തെഴുന്നേല്പിനാണ്: ഒന്നാം "വിചാരണയിൽ," പൗലൊസ് ന്യായാധിപസംഘത്തോട് നിലവിളിച്ചു പറഞ്ഞതു, "മരിച്ചവരുടെ പ്രത്യാശയെയും പുനരുത്ഥാനത്തെയും കുറിച്ചു ഞാൻ വിസ്താരത്തിലായിരിക്കുന്നു!" (പ്രവൃത്തികൾ 23:6). രണ്ടാം വിചാരണയിൽ, പൗലൊസ് ഫേലിക്സിനോടു പറഞ്ഞതു, "എന്നാൽ ഒന്നു ഞാൻ സമ്മതിക്കുന്നു, എന്തെന്നാൽ ... ഞാൻ പിതാക്കന്മാരുടെ ദൈവത്തെ ആരാധിക്കയും, ... നീതിമാന്മാരുടേയും നീതി കെട്ടവരുടേയും പുനരുത്ഥാനം ഉണ്ടാകും എന്നു ഇവർ കാത്തിരിക്കുന്നതു പോലെ, ... ഞാനും ദൈവത്തിങ്കൽ ആശ വെച്ചിരിക്കുന്നു" (24:14, 15). മൂന്നാം വിചാരണാ വേളയിൽ, പൗലൊസ് യേശുവിന്റെ പുനരുത്ഥാനം അവതരിപ്പിച്ചത് ഫെസ്തൊസിനു പോലും മനസ്സിലാകാത്ത രീതിയിൽ ശക്തമായിരുന്നു, അവന്റെ മനസ്സിൽ അതൊരു മായാത്ത പ്രകടനമായിരുന്നു (25:19). നമ്മുടെ അടുത്ത പാഠത്തിൽ, നാം നാലാം "വിചാരണയെ" പഠിക്കും, പിന്നെ പൗലൊസ് അഗ്രിപ്പാ രാജാവിനോടും മറ്റു മാന്യ അതിഥികളോടും, "ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നതു വിശ്വാസയോഗ്യമല്ല എന്നു നിങ്ങൾക്കു തോന്നുന്നതു എന്ത്?" എന്നു ചോദിച്ചു (26:8; കൂടാതെ 26:22, 23 ഉം നോക്കുക).

23 മുതൽ 26 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നു നാം പുനരുത്ഥാനത്തെ എടുക്കുകയാണെങ്കിൽ, ഒരു റോമാ പൗരനോടു മോശമായി പെരുമാറിയ സംഭവം നമുക്കു കിട്ടും. കാരണം പുനരുത്ഥാനവും ഉൾപ്പെടുത്തിയിരിക്കുന്നു, പൗലൊസിന്റെ ജീവിതത്തിലെ ശക്തമായ സാക്ഷ്യം നമുക്കു തരുന്നു. "ഏകോപിച്ച ഇതിലെ [ഈ അദ്ധ്യായങ്ങളിലെ] വിഷയം പുനരുത്ഥാനവും വിജയിയായ കർത്താവിലുള്ള വിശ്വാസവും നമ്മെ ശക്തരാക്കുകയും ജീവിതത്തിലെ കഠിന വേദനയാകുന്ന സമ്മർദ്ദത്തിൽ സാന്ത്വനത്തിനുതകുന്നതുമാണ്."[3]

21-ാം അദ്ധ്യായം മുതൽ, പൗലൊസ് തന്റെ ജീവിതത്തിലെ ഏറ്റവും പ്രയാസകരമായ പരീക്ഷണങ്ങളെ നേരിടുകയാണ്. ഈ പാഠത്തിൽ, പൗലൊസിന്റെ വിശ്വാസം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലായിരുന്നതു കൊണ്ട് അത് അവനെ എങ്ങനെ ശക്തിപ്പെടുത്തി എന്നും - ആ വിശ്വാസം നമ്മെ എങ്ങനെ വിജയിക്കാൻ സഹായിക്കുമെന്നു നമുക്കു പഠിക്കാം. അഗ്രിപ്പാവിന്റെ മുൻപിലെ പൗലൊസിന്റെ പ്രതിരോധ സംഭവങ്ങൾ ആയിരിക്കും നമ്മുടെ പാഠത്തിന്റെ പശ്ചാത്തലം.

### ചിന്താക്കുഴപ്പത്തിലായ ഭരണാധികാരി
### (25:13-23)

പൗലൊസ് കൈസരെ അഭയം ചൊല്ലിയതുകൊണ്ട്, ഫെസ്തൊസ് അവനെ റോമയിലേക്കു അയക്കുന്നതിനുള്ള ഏർപ്പാടുകൾ പൂർത്തിയാകുന്നതുവരെ അവനെ കസ്റ്റഡിയിൽ വെച്ചു. ഈ ഏർപ്പാടിനു സമയം എടുക്കും: റോമിലേക്കു പോകുന്ന കപ്പൽ കണ്ടെത്തണം, അകമ്പടി

പോകുവാനുള്ള ഉദ്യോഗസ്ഥരെയും കണ്ടെത്താം (27:1). കാര്യ പ്രാപ്തിയനുസരിച്ചു, ഉദ്യോഗസ്ഥർ സാധാരണ പല തടവുകാരെയും ഓരേ സമയത്തുകൊണ്ടു പോകാൻ കാത്തിരിക്കും (27:1). എങ്ങനെ യായാലും, ഫെസ്തൊസിനു, ചക്രവർത്തിതിരുമനസ്സിനു വിവരങ്ങൾ എഴുതി അറിയിക്കുന്നതായിരുന്നു ഒരുക്കത്തിൽ വിഷമമുണ്ടായിരുന്നത്.

**രാജകിയ സന്ദർശകർ (വാക്യങ്ങൾ 13, 14)**

ഈ ഏർപ്പാടുകൾ ചെയ്യുന്നതിനിടയിൽ, ഫെസ്തൊസിനു രണ്ടു രാജകീയ സന്ദർശകർ ഉണ്ടായിരുന്നു: "ഒട്ടുനാൾ കഴിഞ്ഞശേഷം അഗ്രീപ്പാരാജാവും ബെർന്നീക്കയും ഫെസ്തൊസിനെ വന്ദനം ചെയ്വാൻ, കൈസര്യയിൽ എത്തി" (വാക്യം 13).

യാക്കൊബിനെ കൊല്ലുകയും പത്രൊസിനെ കൊല്ലുവാൻ ശ്രമിച്ച വനുമായിരുന്ന അഗ്രീപ്പാരാജാവ്[4] ഹെരോദാവിന്റെ മകനായിരുന്നു[5] (12:1–4). ബെർന്നീക്ക അവന്റെ സഹോദരിയായിരുന്നു. 24–ാം അദ്ധ്യാ ത്തിൽ മറ്റൊരു സഹോദരിയായിരുന്ന, ദ്രുസില്ലയെ നാം കണ്ടു, അവൾ ദേശാധിപതി ആയിരുന്ന ഫേലിക്സിന്റെ ഭാര്യയായിരുന്നു (വാക്യം 24). നമ്മുടെ സംഭവം നടക്കുമ്പോൾ അഗ്രിപ്പാവിനു മുപ്പത്തി രണ്ടു വയസാ യിരുന്നു; അവനേക്കാൾ ഒരു വയസ്സിനുതാഴെയായിരുന്നു ബെർന്നീക്ക.

അഗ്രീപ്പാവിനു "രാജാവ്" എന്ന പദവി ഉള്ളതുകൊണ്ട്, അവൻ ഫെസ്തൊസിനേക്കാൾ ഉയർന്നവൻ എന്നു കരുതിയേക്കാം, പക്ഷെ അതിനു വിപരീതമാണ് ശരി. അഗ്രീപ്പാവു തന്റെ പ്രശസ്തനായ അപ്പ നിൽ നിന്നു പാരമ്പര്യമായി കരസ്ഥമാക്കിയ സ്ഥാനമായതുകൊണ്ട്, അവനു പ്രദേശം അവകാശമായി ലഭിച്ചിരുന്നില്ല. അവൻ യെഹൂദ്യയുടെ വടക്കുകിഴക്കു ഒരു ചെറിയ പ്രദേശത്തെ രാജാവായിരുന്നു.[6] ഉയർന്ന – പദവിയിലുള്ള ഒരു റോമൻ ഉദ്യോഗസ്ഥനെ അവൻ വന്ദനം ചെയ്യാൻ വന്നതു അവന്റെ നേട്ടത്തിനായിരുന്നു. അതുകൊണ്ട്, ഫെസ്തൊസിന്റെ നിയമനശേഷം ഭരണം തുടങ്ങിയപ്പോൾ, അഗ്രിപ്പാവും ബെർന്നീക്കയും "വന്ദനം ചെയ്യുവാൻ" വന്നു (25:13; ആർ എസ് വി) അവന്റെ നിയമന ത്തെ അവനെ അനുമോദിക്കയും ആകാം.

അഗ്രിപ്പാവിനും ബർന്നീക്കക്കും, കൈസര്യയിലേക്കു വരുന്നതു വീട്ടിൽ വരുന്നതുപോലെയാണ്. അവരുടെ വലിയ – വെല്യപ്പനായിരുന്ന മഹാനായിരുന്ന ഹെരോദാവ് പണിത പട്ടണമായിരുന്നു അത്. ഹെരോ ദാവിനു ഇഷ്ടമുള്ള നിർമ്മാണത്തിന്റെ തെളിവുകൾ എല്ലായിടത്തും കാണാമായിരുന്നു: മനോഹരമായ മാർബിൾ പാകിയ നിരത്തും, പ്രതിമ കളും കാണും.[7] അവരുടെ അപ്പന്റെ ഭരണക്കാലത്തെ തലസ്ഥാനമായി രുന്നു കൈസര്യ, മഹാനായ ഹെരോദാവിന്റെ വാഴ്ച്ചയുടെ എതിരായി രുന്നു – ഒരു പക്ഷെ അതിനെ കവിയുന്നാതായിരുന്നു.[8] അഗ്രിപ്പാവും ബർന്നീക്കയും അവസാനം രംഗസ്ഥാനത്ത് എത്തിയപ്പോൾ, കയ്പും മധുരവും നിറഞ്ഞ സ്മരണകൾ അവരുടെ ചിന്തകളിൽ വന്നു കാണും. അവരുടെ കുട്ടിക്കാലത്തെ വീടായിരുന്നു അത്. പതിനഞ്ചു വർഷം മുൻപു അവരുടെ അപ്പൻ വളരെ വേദനയോടെ മരിച്ചതും ഇവിടെ വെച്ചാ യിരുന്നു[9] (12:20–23).

അവരുടെ സന്ദർശനം യേശുവിന്റെ പ്രവചന നിവർത്തീകരണം ആണെന്ന് അവരോട് ആരെങ്കിലും പറഞ്ഞിരുന്നെങ്കിൽ അവർ ഞെട്ടു മായിരുന്നു:

> മനുഷ്യരെ സൂക്ഷിച്ചു കൊൾവിൻ; അവർ നിങ്ങളെ ന്യായാധിപ സഭകളിൽ ഏല്പിക്കയും, തങ്ങളുടെ പള്ളികളിൽ വെച്ചു ചമ്മട്ടി കൊണ്ടു അടിക്കയും; എന്റെ നിമിത്തം നാടുവാഴികൾക്കും *രാജാക്കന്മാർക്കും* മുമ്പിൽ കൊണ്ടു പോകയും ചെയ്യും, അതു അവർക്കും ജാതികൾക്കും ഒരു സാക്ഷ്യം ആയിരിക്കും (മത്തായി 10:17, 18; എംഫസിസ് മൈൻ).

പൗലൊസ് ദേശാധിപതിമാരോട് (ഫേലിക്സും ഫെസ്തൊസും) സംസാരിച്ചു; ഇപ്പോൾ രാജാവിനോടു സംസാരിക്കുവാൻ ദൈവം പൗലൊസിനു വേദി ഒരുക്കി.

ഫെസ്തൊസ് തീർച്ചയായും അഗ്രീപ്പാവിനെയും ബർന്നീക്കയെയും വന്ദനം ചെയ്തിരിക്കയും, അവരുടെ കുടുംബപ്പേർ[10] നിമിത്തവും യെഹൂദ്യയുടെ മതപരമായ ജീവിതത്തിൽ രാജാവിന്റെ പങ്ക് നിമിത്തവും.[11] ദിവസങ്ങൾ കടന്നു പോയി, ദേശാധിപതി അഗ്രീപ്പാവിനെ അറിയുവാൻ വന്നു, ആ യുവരാജാവിന്റെ വരവ് തനിക്കു ഗുണം ചെയ്യുമെന്ന് ദേശാധപതി വിചാരിച്ചു. രാജധാനിയിലെ മുറിയിൽ അടൈക്കപ്പെട്ട ഒരു യെഹൂദനായ ചെറിയ കൂടാരപ്പണിക്കാരന്റെ കുഴപ്പം പിടിച്ച കേസിൽ ഒരു പക്ഷെ അഗ്രിപ്പാവിനു സഹായിക്കാൻ കഴിഞ്ഞേക്കുമെന്നു അവൻ വിവരിച്ചു ദ്രുസില്ലയെ പോലെ (24:24), അഗ്രിപ്പാവും ഒരു യെഹൂദ രാജകുമാരിയായിരുന്ന മരിയാമ്മേയുടെ പിൻഗാമിയായിരുന്നു,[12] അതുകൊണ്ട് ഒരു യെഹൂദനായി കണക്കാക്കിയിരുന്നു. അവൻ റോമിന് യെഹൂദന്മാരുടെ കാര്യത്തിൽ വിദഗ്ധനായിരുന്നു (26:3, 27 നോക്കുക). അങ്ങനെ, അഗ്രിപ്പാവും ബർന്നീക്കയും "... പലനാൾ അവിടെ ചെലവഴിച്ച ശേഷം, ഫെസ്തൊസ് പൗലൊസിന്റെ കാര്യം രാജാവിന്റെ മുമ്പിൽ വെച്ചു" (25:14).[13]

### ഒരു റോമാ കാഴ്ച്ചപ്പാട് (വാക്യങ്ങൾ 14-21)

ഫെസ്തൊസിന്റെ വിവരണം നമുക്കു ഒരു റോമാകാഴ്ച്ചപ്പാട് പ്രത്യേകിച്ച്, യെഹൂദമതത്തെയും ക്രിസ്ത്യാനിത്വത്തെയും അറിയാത്ത ഒരു റോമാകാഴ്ച്ചപ്പാടാണ് നല്കുന്നത്. എങ്ങനെ വസ്തുതകൾ ദുരുപയോഗപ്പെടുത്താം എന്നതാണ് അവന്റെ വാക്കുകൾ പഠിപ്പിക്കുന്നത്.[14]

> കുറെനാൾ അവിടെ പാർക്കുമ്പോൾ ഫെസ്തൊസ് പൗലൊസിന്റെ സംഗതി രാജാവിനോടു വിവരിച്ചു പറഞ്ഞതു ഫേലിക്സ് വിട്ടേച്ചുപോയൊരു തടവുകാരൻ[15] ഉണ്ടു; ഞാൻ യെരുശലേമിൽ ചെന്നപ്പോൾ, യെഹൂദന്മാരുടെ മഹാപുരോഹിതന്മാരും മൂപ്പന്മാരും എന്റെ അടുക്കൽ വന്നു അവന്റെ നേരെ അന്യായം ബോധിപ്പിച്ചു, വിധിക്കു അപേക്ഷിച്ചു. എന്നാൽ പ്രതിവാദികളെ അഭിമുഖമായി

> കണ്ടു അന്യായത്തെക്കുറിച്ചു പ്രതിവാദിപ്പാൻ ഇട കിട്ടുംമുമ്പെ യാതൊരു മനുഷ്യനെയും ഏല്പിച്ചു കൊടുക്കുന്നതു റോമർക്കു മര്യാദയല്ല എന്നു ഞാൻ അവരോടു ഉത്തരം പറഞ്ഞു. ആകയാൽ, അവർ ഇവിടെ വന്നു കൂടിയാറെ ഞാൻ ഒട്ടും താമസിയാതെ പിറ്റേന്നു തന്നെ ന്യായാസനത്തിൽ ഇരുന്നു ആ പുരുഷനെ കൊണ്ടു വരുവാൻ കല്പിച്ചു.[16] വാദികൾ അവന്റെ ചുറ്റും നിന്നു,[17] ഞാൻ, നിരൂപിച്ചിരുന്ന കുറ്റം ഒന്നും ബോധിപ്പിക്കാതെ;[18] സ്വന്ത[19] മതത്തെക്കുറിച്ചും[20] ജീവിച്ചിരിക്കുന്നു എന്നു പൗലൊസ് പറയുന്ന മരിച്ചുപോയ, യേശു, എന്നൊരുവനെക്കുറിച്ചും ചില തർക്കസംഗതികളെ കൊണ്ടു വന്നേയുള്ളു (വാകൃങ്ങൾ 14–19).

ഫെസ്തൊസിന്റെ അജ്ഞതയിൽ അഗ്രിപ്പാവു പുഞ്ചിരിച്ചുകാണും. എങ്ങനെയായാലും, തെറ്റിദ്ധരിച്ചുവെങ്കിലും, ഫെസ്തൊസ് രണ്ടു കാര്യങ്ങൾ വിവേചിച്ചു: ഒന്ന്, പ്രശ്നത്തിന്റെ സ്വഭാവം മതപരമാണ്, രാഷ്ട്രീയമല്ല. ഗല്ലിയോൻ യെഹൂദന്മാരോടു പറഞ്ഞതുപോലെ: "... വചനത്തെയും നാമങ്ങളെയും നിങ്ങളുടെ [അവരുടെ] ന്യായപ്രമാണത്തെയും സംബന്ധിച്ചുള്ള തർക്ക സംഗതികൾ" (18:15).[21] ഫെസ്തൊസ് ഉടനെ ഈ ചൊല്ല് എഴുതിക്കാണും "ഒരു മതം മറ്റൊന്നു പോലെ നല്ലതാണ്" (ഈ അനുബന്ധത്തോടുകൂടി: "... അവയിൽ ഒന്നും മെച്ചമല്ല"). പൊതു സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ പോലെ, ദേശാധിപതിക്ക് മതപരമായ കാര്യങ്ങളെക്കുറിച്ച് അറിയില്ലായിരുന്നു അങ്ങനെതന്നെ ആയിരിപ്പാനും ആഗ്രഹിച്ചു.

എങ്ങനെയായാലും, യേശു എന്നൊരുത്തൻ വാസ്തവത്തിൽ ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്നതിനെക്കുറിച്ചാണ് തർക്കത്തിന്റെ കാരണമെന്നും ഫെസ്തൊസ് മനസ്സിലാക്കി. വിയോജിപ്പിന്റെ പ്രാഥമിക കാരണം ഫെസ്തൊസിന്റെ വിലയിരുത്തലിൽ, എനിക്കു ഇഷ്ടവും അതേ സമയം നിരാശയും അനുഭവപ്പെട്ടു: "യേശു ജീവനോടെ ഇരിക്കുന്നോ ഇല്ലയോ?" എന്ന ചോദ്യം ദേശാധിപതി കണ്ടെത്തിയതിലാണ് എനിക്ക് ഇഷ്ടമാണ്, ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന ചിലരും, ചില ഉപദേഷ്ടാക്കന്മാർ പോലും, ഉയിർത്തെഴുന്നേല്പ് മുഖ്യമാണെന്നു കരുതുന്നില്ല.[22]

അതേ സമയം, എനിക്കു നിരാശ ഉണ്ടാകാൻ കാരണം ഫെസ്തൊസ് ശാന്തമായി (മിക്കവാറും നിഷ്പ്രയോജനമായി): "ജീവിച്ചിരിക്കുന്നു എന്നു പൗലൊസ് പറയുന്ന ... മരിച്ചുപോയ, യേശു, എന്നൊരുവനെക്കുറിച്ചുള്ള ചില തർക്കസംഗതികളെ കൊണ്ടു വന്നത്രേയുള്ളു" അങ്ങനെ "ഒരു റോമൻ മജിസ്ട്രേറ്റിന് ക്രിസ്തീയ മതത്തിന്റെ മഹത്വമേറിയ സത്യത്തെ ഇങ്ങനെ പറയാനേ കഴിഞ്ഞുള്ളു."[23] ഉയിർത്തെഴുന്നേല്പിനെ ദേശാധിപതി കണ്ടത് ഒരു വജ്രത്തിന് മണ്ണിരപോലെ അല്ലെങ്കിൽ നക്ഷത്രങ്ങൾക്കു ഒരു പന്നിപോലെയേ തോന്നിയുള്ളു. ആകാംഷയുള്ള മനസ്സും തുറന്ന ഹൃദയവുമില്ലാത്തതുകൊണ്ട് ഫെസ്തൊസിനു എത്ര നഷ്ടമുളവാക്കിയെന്നു കാണുക!

അവൻ "പൗലൊസിന്റെ സംഗതി രാജാവിന്റെ മുമ്പിൽ കൊണ്ടു വന്ന" സംഭവം നമുക്കു തുടർന്നു കേൾക്കാം: "ഇങ്ങനെയുള്ള സംഗതി

കളിൽ വിചാരണ നടത്തേണ്ടതു എങ്ങനെ എന്ന് ഞാൻ അറിയായ്ക യാൽ, നിനക്കു യെരുശലേമിൽ പോയി അവിടെ ഈ സംഗതികളെക്കു റിച്ചു വിസ്താരം നടപ്പാൻ സമ്മതമുണ്ടോ എന്നു ചോദിച്ചു" (25:20). (തന്റെ ലക്ഷ്യം യെഹൂദന്മാരെ പ്രീതിപ്പെടുത്തുകയായിരുന്നു എന്ന് ഫെസ്തൊസ് സൗകര്യപൂർവ്വം പറയാതെ വിട്ടു [വാക്യം 9].) "എന്നാൽ പൗലൊസ് ചക്രവർത്തി തിരുമനസ്സിലെ വിധിക്കായി തന്നെ സൂക്ഷി ക്കേണം എന്നു അഭയം[24] ചൊല്ലുകയാൽ, കൈസരുടെ അടുക്കൽ അവനെ അയക്കുവോളം സൂക്ഷിപ്പാൻ കല്പിച്ചു" (വാക്യം 21).

ഫെസ്തൊസിന്റെ മാനസികാവസ്ഥയെ പൊതുവിൽ പറയുന്നതി നാണ് "അറ്റ് എ ലോസ്" എന്ന പ്രയോഗം ഉപയോഗിച്ചത് (വാക്യങ്ങൾ 26 ഉം 27 ഉം നോക്കുക). ആ യുവാവായിരുന്ന രാജാവു തനിക്കു ഉൾക്കാഴ്ച്ച നല്കും എന്നവൻ വിചാരിച്ചു.

**ശ്രദ്ധേയമായ ഒരു ആവശ്യം (വാക്യങ്ങൾ 22, 25-27)**

പൗലൊസ് എന്നു കേട്ടപ്പോൾ അഗ്രിപ്പാവിന്റെ താല്പര്യം ഉയർന്നു കാണും. ഫെസ്തൊസിനു യേശുവിന്റെ പിൻഗാമികളെ അറിയില്ലെങ്കിലും, അഗ്രിപ്പാവിനു അവരെ നന്നായി അറിയാം. ക്രിസ്ത്യാനിത്വത്തിന്റെ വ്യാപനം എന്ന അനുഗ്രഹീത ചരിത്രം ഹെരോദാവുമാരുടെ വഴങ്ങാത്ത ക്രൂര ചരിത്രവുമായി കൂടിപ്പിണഞ്ഞു കിടന്നിരുന്നു.[25] പാലസ്തീനിൽ താമ സിച്ചതുകൊണ്ട്, ക്രിസ്ത്യാനിത്വത്തിന്റെ അറിയപ്പെടുന്ന – വക്കീലായ ''യെഹൂദ വിശ്വാസ ഘാതകനെ'' അഗ്രിപ്പാവ് കേട്ടിരിക്കും (26:26 നോക്കുക). പൗലൊസിന്റെ പ്രസംഗം കേൾക്കാൻ രാജാവ് ഒരു പള്ളിയിലും പോയിട്ടില്ല, എന്നാൽ ഇതാ ഒന്നാം – തരം വിവരത്തിനുള്ള അവസരം – അവനതു തടയുവാൻ സാധ്യമായിരുന്നില്ല. "'ആ മനുഷ്യന്റെ പ്രസംഗം കേൾപ്പാൻ എനിക്കും ആഗ്രഹം ഉണ്ടായിരുന്നു' എന്നു, അഗ്രി പ്പാവ് ഫെസ്തൊസിനോടു പറഞ്ഞു" (25:22). പൗലൊസിനെ കേൾപ്പാൻ ആഗ്രഹിച്ച അഗ്രിപ്പാവിനു പല ലക്ഷ്യങ്ങൾ ഉണ്ടായിരുന്നേക്കാം – ആകാം ക്ഷ, സംസ്ഥാന സന്ദർശനം മുടക്കുവാനുള്ള ആഗ്രഹം – പക്ഷെ അവന്റെ ഹൃദയത്തിലെ ഏതെങ്കിലും ഒരു കോണിൽ യേശുവിനെക്കുറിച്ചു പഠി ക്കണമെന്ന ആഗ്രഹവും ഉണ്ടായിരുന്നേക്കാം.

അഗ്രിപ്പാവിന്റെ ആവശ്യം ഫെസ്തൊസ് സന്തോഷത്തോടെ അനു വദിച്ചു. അങ്ങനെ, തന്റെ അജണ്ടയിൽ പലതും നേടാമെന്നു കരുതി: (1) അതിഥികളെ സൽക്കരിച്ചതായും. (2) അവർക്കു മറ്റൊരു വിനോദ ദിവസം കൊടുക്കാം (ഓരോ ദിവസവും എന്തെങ്കിലും പ്രത്യേകത വരു ത്തുക പ്രയാസമാണല്ലൊ). (3) തന്നെത്തന്നെ സംരക്ഷിക്കയും ചെയ്യാം (റോമുമായി എന്തെങ്കിലും പ്രശ്നം നേരിട്ടാൽ, താൻ പൗലൊസിന്റെ കാര്യത്തിൽ നീതി – നിർവ്വഹണത്തിന് എല്ലാം ചെയ്തു എന്നു സാക്ഷി കളെയും കിട്ടും).

ഏറ്റവും പ്രധാനമായി, റോമിലേക്ക് ഔദ്യോഗിക വിവരങ്ങൾ എഴു തുവാൻ വേണ്ട സഹായവും ദേശാധിപതിക്കു ലഭിക്കും.[26] സത്യസന്ധ മായി, എന്തെഴുതണമെന്ന് ഫെസ്തൊസിനു ഒരു പിടിയുമില്ല. അവൻ അതു പിന്നീട് അഗ്രിപ്പാവിനോടും തന്റെ മറ്റു അതിഥികളോടും പറഞ്ഞു:

> അവൻ മരണ യോഗ്യമായതു ഒന്നും ചെയ്തിട്ടില്ല എന്നു ഞാൻ ഗ്രഹിച്ചു അവൻ തന്നെയും ചക്രവർത്തി തിരുമനസ്സിലെ അഭയം ചൊല്ലകയാൽ, അവനെ [പൗലൊസ്] അയക്കേണം എന്നു വിധിച്ചിരിക്കുന്നു. അവനെക്കുറിച്ചു തിരുമനസ്സിലേക്കു എഴുതുവാൻ എനിക്കു നിശ്ചയമായതു ഒന്നുമില്ല. അതുകൊണ്ടു വിസ്താരം കഴിഞ്ഞിട്ടു വല്ലതും എഴുതുവാൻ ഉണ്ടാകേണ്ടതിന്നു അവനെ നിങ്ങളുടെ മുമ്പിലും, വിശേഷാൽ അഗ്രിപ്പാരാജാവേ, തിരുമുമ്പിലും വരുത്തിയിരിക്കുന്നു. തടവുകാരനെ അയക്കുമ്പോൾ, അവന്റെ പേരിലുള്ള കുറ്റം കാണിക്കാതിരിക്കുന്നതു യുക്തമല്ല എന്നു തോന്നുന്നു (25:25–27).

പ്രശ്നം ഫെസ്തൊസിനു ഒന്നും എഴുതുവാനുണ്ടായിരുന്നില്ല എന്നല്ല, റോമിനെ ബോധ്യമാക്കുവാൻ എഴുതുവാൻ ഒന്നുമില്ല എന്നർത്ഥം. അവനെ കുറ്റങ്ങൾ ചുമത്തിയിരുന്നു, എന്നാൽ തെളിവുകൾ ഇല്ലായിരുന്നു. കുറ്റങ്ങൾ ഉണ്ടായിരുന്നു, പക്ഷെ അവയൊന്നും ചക്രവർത്തിക്കു താല്പര്യമുള്ളവയായിരുന്നില്ല. അതുകൊണ്ട്, ഉടനെ അവൻ അഗ്രീപ്പാവിന് ഉറപ്പു കൊടുത്തു: "നാളെ, ... കേൾക്കും എന്നു പറഞ്ഞു" (വാക്യം 22).

**രാജകീയ കൂടിവരവ് (വാക്യം 23)**

വാക്യം 23 പറയുന്നു,

> ... പിറ്റെന്നു അഗ്രിപ്പാവു ബർന്നീക്കയുമായി വളരെ ആഡംബരത്തോടെ വന്നു, സഹസ്രാധിപതികളോടും നഗരത്തിലെ പ്രമാണികളോടും കൂടെ,[27] വിചാരണ മണ്ഡപത്തിൽ വന്നാറെ, ഫെസ്തൊസിന്റെ കല്പനയാൽ, പൗലൊസിനെ കൊണ്ടുവന്നു.[28]

നിങ്ങളുടെ മനസ്സിൽ ഈ രംഗം ചിത്രമാക്കി സൂക്ഷിക്കുക: മഹാനായ ഹെരോദാവു പണിത സദസ്യർക്കുള്ള വലിയ ഹാളായിരിക്കാം ഒരു പക്ഷെ ആ മണ്ഡപം. "ഘനമുള്ള ചിത്രത്തിരശ്ശീലകൾ ... ചുമരുകളെ അലങ്കരിച്ചിരുന്നു, മാർബിൾ തൂണുകൾ കമാനമായി ഉയർന്നു കൊത്തു പണിയുള്ള മച്ചിനു അലങ്കാരമായിരിക്കുന്നു."[29] മുറി, കൊടികളും ബാനറുകളും നിറഞ്ഞിരിക്കയാണ്, ഇതെല്ലാം വലുതും – ചെറുതുമായ മോടി പിടിപ്പിക്കുന്ന അലങ്കാരമായിരുന്നു.[30] ചുമരുകൾക്കു ചുറ്റും "അസംഖ്യം റോമൻ സേനാ വ്യൂഹത്തിന്റെ ആഘോഷപരമായ സൂക്ഷിപ്പും ഉണ്ടായിരുന്നു."[31]

ശബ്ദത്തോടെ കാഹളം ഊതി, വർണ്ണാഭമായ പരേഡോടു കൂടെയാണ് മണ്ഡപത്തിലേക്കു ആനയിച്ചത്. ആദ്യം ആ പ്രദേശത്തെ പ്രമുഖരാണ് വന്നത് – സ്വാധീനരായ പൊതു ജനങ്ങളും വ്യാപാരി നേതാക്കളും – അതിനു പുറകിൽ അഞ്ചു ശക്തരായ സൈന്യാധിപന്മാർ.[32] രണ്ടു പ്രാവശ്യം കാഹളം ഊതിയ ശേഷം, ഫെസ്തസ് തന്റെ ആഘോഷിക്കപ്പെട്ട അതിഥികളുമായി വന്നു. രാജകീയ ആഡംബര വസ്ത്രധാരികളായിട്ടായിരുന്നു അഗ്രിപ്പാവും ബർന്നീക്കയും വന്നത്:[33] അവരുടെ പുറ

കിൽ ധൂമ വർണ്ണവസ്ത്രം, തലയിൽ സ്വർണ്ണ തലപ്പാവ്. കൈകളിലേയും തലയിലേയും മിന്നുന്ന ആഭരണങ്ങളാൽ ബർന്നീക്കയുടെ സൗന്ദര്യ ത്തിനു മാറ്റുകൂട്ടിയിരുന്നു. പുറന്തള്ളാതിരിക്കുവാനായി, ഫെസ്തൊസും ദേശാധിപതിയുടെ കടുഞ്ചുവപ്പായ, പ്രത്യേക അവസരങ്ങളിൽ മാത്രം ധരിക്കുന്ന വസ്ത്രവും ധരിച്ചിരുന്നു. വളരെ മനോഹരവും, കണ്ണഞ്ചിപ്പി ക്കുന്നതുമായ, ഭൗതിക മഹത്വത്തിന്റെ കാഴ്ച്ചയായിരുന്നു അത്.[34]

ഫെസ്തൊസ് കല്പനകൊടുക്കയും, "പൗലൊസിനെ കൊണ്ടു വരി കയും ചെയ്തു." വൈപരീത്യം ഞെട്ടിക്കുന്നതാണ്. ഗാംഭീര്യം തുടിക്കുന്ന കൂടി വരവിന്റെ മുമ്പിൽ അപ്പൊസ്തലൻ മുഷിഞ്ഞു വിരസമായ തടവു വസ്ത്രത്തോടും കൂടെ, ചലിക്കുമ്പോൾ കിലുങ്ങുന്നതായ അവന്റെ കൈകളിലെ ചങ്ങലയോടും കൂടെനിന്നു (26:29). ദയവുതോന്നേണ്ട ഒരു ജീവിയായിരുന്നു അവൻ: അവന്റെ ദേഹം മുറിവേറ്റും, നീണ്ട വ്യാഴവട്ട ത്തിലെ പീഡനത്താലും അവമാനത്താലും. അതായത്, ശരീരം കുനിഞ്ഞു പോയിരുന്നതും – കണ്ണുകൾക്കുള്ളിലെ ജ്വാല കത്തുന്നതു കാണുന്നവർക്ക് അവനോട് ദയവു തോന്നും.

അപ്പൊസ്തലനു വേണ്ടി ദുഃഖിക്കേണ്ട കാര്യമില്ല. രംഗത്തെ കീഴ്പ്പെ ടുത്തിയതു, ആഡംബര സദസ്സായിരുന്നില്ല, മറിച്ച് അവനായിരുന്നു. പേര് വീട്ടുവാക്കായിതീർന്നതു, അവരുടേതായിരുന്നില്ല, അവന്റേതായിരുന്നു. അവരായിരുന്നില്ല, അവനായിരുന്നു, വിഐപി.[35] ആരോ പറഞ്ഞു, "പൗലൊസ് എന്ന തടവുകാരന്റെ സംഭവവുമായി അവരുടെ ജീവിതം ബന്ധപ്പെട്ടതു കൊണ്ടാണ്, നാം അവരെക്കുറിച്ചു കേൾക്കാനിടയായതു എന്ന് അവർ അറിഞ്ഞാൽ, അവർ അതിശയിച്ചു പോകയില്ല?"

ധനികരും പ്രസിദ്ധരുമായ ആളുകളുടെ ജീവിതത്തിൽ ഒരിക്കലും അസൂയപ്പെടരുത്. (മർക്കൊസ് 10:42–44.) പുറമെയുള്ള മഹിമ നിഷ്പ്രഭ മാണ്; "ജഡമോഹം കൺമോഹം ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല ലോകത്തിൽ നിന്നത്രേ ആകുന്നു." ലോകവും അതിന്റെ മോഹവും "ഒഴിഞ്ഞു പോകുന്നു." ചുരുക്കി പറഞ്ഞാൽ, "ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരി ക്കുന്നു" (1 യോഹന്നാൻ 2:16, 17).

എബ്രായലേഖനത്തിൽ എഴുതിയിരിക്കുന്നതുപോലെ, "പൗലൊ സിനു പറയാമായിരുന്നു, 'കർത്താവു എനിക്കു തുണ, ഞാൻ പേടിക്ക യില്ല. മനുഷ്യൻ എന്നോടു എന്തു ചെയ്യും?'" (എബ്രായർ 13:6). അത്തരം വിശ്വാസത്തിനു അപ്പൊസ്തലനെ പ്രാപ്തമാക്കിയതെന്താണ്? അവൻ കർത്താവിനെ ദമസ്ക്കൊസിലേക്കുള്ള വഴിയിൽ കണ്ടതാണ്; കർത്താവ് അവന്നു ആജ്ഞ കൊടുത്തതാണ്; തന്റെ ജീവൻ കർത്താവിന്നു സമർപ്പി ച്ചതാണ്. അതുകൊണ്ട് അവന് ആരെയും എങ്ങനെയും നേരിടാം.

നമ്മുടെ അടുത്ത പാഠത്തിൽ, മണ്ഡപത്തിലെ നാടകീയ രംഗങ്ങൾ കാണുവാൻ നമുക്കു മടങ്ങിവരാം. ആദ്യം, നമുക്കു പൗലൊസിന്റെ ജീവി തത്തിൽ ഉയിർത്തെഴുന്നേല്പിന്റെ ശക്തിക്ക് ഊന്നൽ കൊടുക്കുവാൻ യോജിക്കാം.

## ആത്മവിശ്വാസമുള്ള അപ്പൊസ്തലൻ

നമ്മുടെ സംഭവ സമയത്ത് പൗലൊസിനു നേരിടേണ്ടി വന്നതിനെ അവന്റെ പരീക്ഷണങ്ങളെ ഏഴു തലവാചകങ്ങളായി ചുരുക്കാം:[36] (1) *അനർഹമായ തടങ്കൽ.* പൗലൊസിനെ വിട്ടയക്കേണ്ടതായിരുന്നു, പക്ഷെ അവൻ തടവിൽ തന്നെ ആയിരുന്നു. (2) *വിവരിക്കാനാവാത്ത താമസം.* നാം വായിക്കുന്നതു, "രണ്ടാമതു കഴിഞ്ഞിട്ടു, ..." 24:27-ൽ ലൂക്കൊസ് എഴുതിയ വാക്കുകൾ നമുക്കു വായിക്കുവാൻ ഒന്നോ രണ്ടോ മിനിറ്റുകൾ മതി, പക്ഷെ ജീവിക്കുവാൻ ഇരുപത്തി നാലുമാസം എടുത്തു. യേശു പൗലൊസിനോട് അവൻ റോമിലേക്കു പോകും എന്നു വാഗ്ദാനം ചെയ്തിരുന്നു (23:11), പക്ഷെ രണ്ടു - വർഷത്തെ താമസം വരുമെന്ന് അവൻ പറഞ്ഞില്ല. (3) *കനിവില്ലാത്ത ആക്രമണം.* രണ്ടു - വർഷകാല താമസത്തിനൊന്നും യെഹൂദന്മാരുടെ വിദ്വോഷം കുറക്കാനായില്ല. അവർ തുടർന്നും പൗലൊസിനെ കൊല്ലുവാൻ ആഗ്രഹിച്ചു വന്നു. (4) *അവാസ്തവ കുറ്റാരോപണങ്ങൾ.* പൗലൊസിനെതിരായി അവർ ചുമത്തിയത് ഒന്നുകിൽ അവരുടെ സങ്കൽപം അല്ലെങ്കിൽ വാസ്തവമല്ലാത്തതായിരുന്നു. (5) *അശുഭകരമായ ചൂഷണം.* ഫേലിക്സ് ആദ്യം പൗലൊസിനെ ഉപയോഗിച്ചു കൈക്കൂലി വാങ്ങുവാൻ ആഗ്രഹിച്ചു; പിന്നെ അവൻ പൗലൊസിനെ ഉപയോഗിച്ച് യെഹൂദന്മാരെ സാന്ത്വനപ്പെടുത്തുവാൻ ശ്രമിച്ചു. യെഹൂദന്മാരുടെ പ്രീതി സമ്പാദിപ്പാൻ ഫെസ്തൊസും പൗലൊസിനെ ഉപയോഗിച്ചു. (6) *അയോഗ്യരായ ന്യായാധിപൻ.* ന്യായാധിപസംഘത്തേക്കാൾ രസമില്ലാത്തവരെ ഊഹിക്കാൻ പോലും പ്രയാസമാണ്, ഫേലിക്സും, ഫെസ്തോസും, അഗ്രിപ്പാവും; അവനെ വിധിക്കേണ്ടിയിരുന്നവരാണ്. (7) *അനിശ്ചിതമായ ഒരു ഭാവി.* പൗലൊസ് "കൈസര്യയിൽ നിന്നു പുറത്തുപോകാതെ എങ്ങനെ റോമയിൽ പ്രസംഗിക്കും?," പലപ്പോഴും അതിശയിച്ചു കാണും. അവൻ കൈസരെ അഭയം ചൊല്ലിയ ശേഷവും, ചക്രവർത്തിയുടെ മുമ്പിലെ വിചാരണയുടെ ഫലത്തെയും കുറിച്ചു അനിശ്ചിതത്വത്തിൽ തന്നെ ആയിരുന്നു.

### അവന്റെ ആത്മവിശ്വാസം

ഈ അനർഹമായ വിചാരണയിലെല്ലാം പൗലൊസിനെ നില നിർത്തിയതെന്തായിരുന്നു? അവന്റെ വിശ്വാസം. "ദുഷ്ടന്റെ തീയമ്പുകളെയെല്ലാം കെടുത്തുവാൻ" പൗലൊസിനെ പ്രാപ്തനാക്കിയ വിശ്വാസം എന്ന "കവചം" ആയിരുന്നു (എഫെസ്യർ 6:16). തന്റെ ദൈവത്തിൽ അവനു വിശ്വാസം ഉണ്ടായിരുന്നു. അവൻ അവസാനം അഗ്രിപ്പാവിന്റെ മുമ്പിൽ നിന്നപ്പോൾ, അവൻ പറഞ്ഞു, "എന്നാൽ, ദൈവത്തിന്റെ സഹായം ലഭിക്കയാൽ, ഞാൻ ഇന്നുവരെ നില്ക്കയും ചെറിയവരോടും വലിയവരോടും സാക്ഷ്യം പറഞ്ഞു പോരുകയും ചെയ്യുന്നു" (പ്രവൃത്തികൾ 26:22). പൗലൊസ് എഴുതി, "ദൈവം നമുക്ക് അനുകൂലം എങ്കിൽ, നമുക്കു പ്രതികൂലം ആർ" (റോമർ 8:31; എൻസിവി). യേശു വാഗ്ദാനം ചെയ്തതനുസരിച്ചു താൻ എന്നെങ്കിലും റോമയിൽ പോയി പ്രസംഗിക്കും എന്ന വിശ്വാസം അവനുണ്ടായിരുന്നു (പ്രവൃത്തികൾ 23:11) എങ്ങനെയായാലും,

പൗലൊാസിനെ മുൻപോട്ടു നയിച്ചത് അവനു *ഉയിർത്തെഴുന്നേല്പിലുള്ള* വിശ്വാസമായിരുന്നു എന്ന്, ഞാൻ പ്രത്യേകമായി, എടുത്തു പറയട്ടെ. അവനു നേരിട്ട കുഴപ്പങ്ങളുടെ കാരണം ഒരു പക്ഷേ അവനു മനസ്സിലാ യിക്കാണുകയില്ല, പക്ഷെ ഇതു അവനു മനസ്സിലായി: അവന്റെ രക്ഷ കൻ ജീവിക്കയും പ്രവർത്തിക്കയും നിയന്ത്രിക്കയും ചെയ്യുന്നു! തനിക്ക് എന്തു സംഭവിച്ചാലും – കൈസരുടെ കയ്യാൽ അവസാനം മരിക്കയാ ണെങ്കിലും – എല്ലാം ശരിയായിരിക്കും; ഉയിർത്തെഴുന്നേല്പ് അതു ഉറ പ്പിക്കുന്നു! അവൻ കൊരിന്ത്യർക്കു എഴുതിയതു പോലെ,

> ... എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യ ഫലമായി, മരി ച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു (1 കൊരിന്ത്യർ 15:20).

> ... നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന, ദൈവത്തിനു സ്തോത്രം (1 കൊരിന്ത്യർ 15:57).

**നമ്മുടെ ആത്മ വിശ്വാസം**

ഞാൻ പറയുന്ന പൗലൊാസിന്റെ നിർഭാഗ്യങ്ങളെപ്പോലെ നിങ്ങൾക്കു പലർക്കും അതേപോലെ നിർഭാഗ്യങ്ങൾ നിരത്താനുണ്ടാകും. അവനെ പോലെ, നിങ്ങളും ചിലർ അനർഹമായ തടങ്കലിൽ, നിങ്ങളുടെ കുറ്റം കൊണ്ടല്ലാതെ ആയിരുന്നേക്കാം. ഒരു പക്ഷെ നിങ്ങളുടെ തടങ്കൽ ഒരു വികലാംഗനാൽ അല്ലെങ്കിൽ ഒരു ജോലിയിൽ നിങ്ങളെ തളെച്ചിട്ടു മുന്നോട്ടു പോകാൻ പറ്റാത്തതായിരിക്കാം.[37] വിവരിക്കാൻ പറ്റാതെ താമസം ആയിരിക്കാം ചിലരെ അലട്ടുന്നത്. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ക്രിയാത്മക പുരോഗതിക്കു കാത്തിരിക്കയായിരുന്നു – അതൊ രിക്കലും വരികയില്ല എന്നു തോന്നും. ചിലർ അടിക്കടി ആക്രമണത്തിനു വിധേയരാകും. ശത്രുവിനെ സാന്ത്വനപ്പെടുത്തുവാൻ ചെയ്യാൻ പറ്റുന്ന തെല്ലാം നിങ്ങൾ ചെയ്തു, എന്നാൽ അയാൾ നിരപ്പു പ്രാപിക്കയില്ല എന്നു തീരുമാനിച്ചു. ചിലർ അവാസ്തവമായ കുറ്റാരോപണങ്ങൾക്കു വിധേയ രായിട്ടുണ്ട്. നിങ്ങളുടെ പേർ നിരപരാധിത്വത്തിലാക്കുവാൻ എല്ലാ പരി ശ്രമവും നടത്തി തളർന്നുപോയി. ചിലർ ചൂഷണം ചെയ്യപ്പെട്ടിട്ടുണ്ട്. മറ്റു ള്ളവർ ഉപയോഗിക്കപ്പെട്ടിരിക്കാം; അതു നിങ്ങളുടെ ഉദ്യോഗമേധാവി ആയിരിക്കാം, അല്ലെങ്കിൽ സ്നേഹിത നാകാം, അയോഗ്യമായ നിലയിൽ ചിലർ വിമർശിക്കപ്പെട്ടിട്ടുണ്ട്. ഒരു പക്ഷേ നിങ്ങളുടെ നേട്ടത്തിൽ അവർ അസൂയാലുക്കളായി തീർന്നിരിക്കാം. നാമെല്ലാവരും അനിശ്ചിതമായ ഭാവിയെ നേരിടുന്നവരാണ് (യാക്കൊബ് 4:14).

പരീക്ഷണങ്ങൾ നേരിട്ടപ്പോൾ, പൗലൊാസിനു, മുമ്പോട്ട് പോകാൻ കഴിഞ്ഞതുപോലെ നമുക്ക് എങ്ങനെ കഴിയും? വിശ്വാസമാണ് മുഖ്യം. ''ലോകത്തെ ജയിച്ച ജയമോ – നമ്മുടെ വിശ്വാസം തന്നെ'' (1 യോഹന്നാൻ 5:4). നിങ്ങൾക്കു പലപ്പോഴും വായിക്കാവുന്ന സ്ഥാനത്തു ഈ വാക്കുകളെ എഴുതുക: "*നിങ്ങൾ അപരിചിതനെ മുഖാമുഖമായി കാണുമ്പോൾ, നിങ്ങൾക്കു അറിയാവുന്ന ആളെ ആശ്രയിക്കുക.*"[38] നിങ്ങ ളുടെ ജീവിതത്തിൽ ചുറ്റും കാര്യങ്ങൾ ഉടയുന്നത് എന്തുകൊണ്ടാണെന്ന്

നിങ്ങൾക്കറിയുകയില്ലായിരിക്കാം, പക്ഷെ ഇത് നിങ്ങൾക്ക് അറിയാം: ദൈവം നിങ്ങളെ സ്നേഹിക്കയും സഹായിക്കയും ചെയ്യും, എല്ലാം ദൈവം നന്മക്കായി പ്രവർത്തിക്കും (1 യോഹന്നാൻ 4:10; എബ്രായർ 13:6; റോമർ 8:28). യേശു ഇപ്പോഴും ജീവിക്കുന്നു എന്നും അവൻ നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നു എന്നു നിങ്ങൾക്കു അറിയാൻ കഴിയും: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം, അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യ പ്രകാരം നമ്മെ ജീവനുള്ള പ്രത്യാശക്കായി അന്ത്യക്കാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷക്കു വിശ്വാസത്താൽ ദൈവ സന്നിധിയിൽ കാണപ്പെടുന്നു" (1 പത്രൊസ് 1:3). എന്നെങ്കിലും ഒരു ദിവസം അവൻ മടങ്ങി വന്നു നിങ്ങളെ വീട്ടിലേക്കു കൊണ്ടു പോകും എന്നു തീർച്ചപ്പെടുത്താം!

> ... ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം, നാം എല്ലാവരും നിദ്ര കൊള്ളുകിൽ, എന്നാൽ, അന്ത്യകാഹള നാദത്തിങ്കൽ; പെട്ടെന്നു കണ്ണിമെക്കുന്നതിനിടയിൽ, നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും, ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു അമർത്യത്തെയും ധരിക്കേണം, ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ധരിക്കുമ്പോൾ, "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്നു എഴുതിയ വചനം നിവൃത്തിയാകും (1 കൊരിന്ത്യർ 15:51–54).

നിങ്ങളുടെ ജീവിതത്തിൽ എല്ലാം തെറ്റായി നീങ്ങുമ്പോൾ, തീർച്ചയുള്ള ഉയിർത്തെഴുന്നേല്പിൽ പറ്റിപ്പിടിക്കുക!

**ഉപസംഹാരം**

യേശുവിന്റെ ഉയിർത്തെഴുന്നേല്പിനെകുറിച്ച്, നിങ്ങൾ ഫെസ്തൊസിനെ പോലെ തെറ്റിദ്ധരിച്ചിരിക്കയാണോ അതോ പൗലൊസിനെ പോലെ ഉത്തമ വിശ്വാസത്തിലാണോ? നിങ്ങൾക്കു, പുനരുത്ഥാനം "പൗലൊസ് ജീവിക്കുന്നു എന്നു പറയുന്ന മരിച്ച, ഒരുത്തനായ യേശുവിനെക്കുറിച്ചുള്ള, ... തർക്കസംഗതിയാണോ," അതോ നിങ്ങളുടെ ജീവിതത്തിൽ മാറ്റം ഉണ്ടാക്കിയ ജീവിക്കുന്ന സത്യമാണോ ഉയിർത്തെഴുന്നേല്പ്? "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം"; "... മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ, നാം തിന്നുക കുടിക്ക, ആനന്ദിക്ക നാളെ ചാകുമല്ലൊ" (1 കൊരിന്ത്യർ 15:14, 32). അതിനു വിപരീതമായി, ക്രിസ്തു ഉയിർത്തെഴുന്നേറ്റു *എങ്കിൽ*, ഇതു എല്ലാം മാറ്റുന്നു![39]

നമ്മുടെ അടുത്ത പാഠത്തിൽ, അങ്കലാപ്പിലായ ഒരു സദസ്സിനോടു പൗലൊസ് ചോദിക്കുന്നതു നാം കേൾക്കും, "ദൈവം മനുഷ്യരെ ഉയിർപ്പിക്കുമെങ്കിൽ നിങ്ങളിൽ അത് എന്തുകൊണ്ടാണ് അവിശ്വസനീയമാക്കുന്നത്?" ഒന്നു ഇല്ലായ്മയിൽ നിന്നു ദൈവത്തിനു ലോകത്തെ സൃഷ്ടി

ക്കാമെങ്കിൽ, ആദാമിൽ ജീവൻ നല്കുവാൻ ദൈവത്തിനു കഴിഞ്ഞു എങ്കിൽ, പൗലൊസിനെ പോലെ ഉള്ള ഒരാളെ മാറ്റുവാൻ അവനു കഴിയുമെങ്കിൽ,[40] യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിക്കുന്നതു അവനു എന്തെളുപ്പം!

"ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫല*മായി*, മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (1 കൊരിന്ത്യർ 15:20; എംഫസിസ് മൈൻ). ഈ സത്യം നിങ്ങളുടെ ആത്മാവിൽ നിറയുകയും അതു ജീവിതത്തെ മാറ്റുകയും ചെയ്യട്ടെ – അതു പൗലൊസിനെ രൂപാന്തരപ്പെടുത്തുകയും ഊർജ്ജസ്വലനാക്കുകയും ചെയ്തു! ഉയിർത്തെഴുന്നേറ്റ കർത്താവിൽ നിങ്ങളുടെ ജീവിതത്തെ സമർപ്പിക്കുക,[41] അങ്ങനെ അവനോടുകൂടെ നന്മയിലും തിന്മയിലും സഞ്ചരിക്കുക!

---

കുറിപ്പുകൾ

[1]വാൾട്ടർ ബി. നൈറ്റ്, *നൈറ്റിന്റെ ട്രെഷറി ഓഫ് ഇല്ലസ്ട്രേഷൻസ്* (ഗ്രാന്റ് റാപ്പിഡ്സ്: മൈക്ക്.: ഡബ്ലിയു എം. ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1963), 314. [2]"പരീക്ഷണങ്ങൾ" എന്ന വാക്ക് ഞാൻ ക്വട്ടേഷനിൽ കൊടുക്കാൻ കാരണം ഒരു ശരിയായ പരീക്ഷണമായി ന്യായാധിപസംഘത്തിലെ കുഴെച്ചൽ നമുക്കു മനസ്സിലാക്കുവാൻ പ്രയാസമാണ്, അഗ്രിപ്പാവിന്റെ മുമ്പിലെ പൗലൊസിന്റേതു വിചാരണയേ ആയിരുന്നില്ല. എന്നിട്ടും, മിക്ക പണ്ഡിതന്മാരും ഇതിനെ "വിചാരണ" എന്നാണ് പറഞ്ഞിരിക്കുന്നത്. ഓരോന്നും പൗലൊസിനു ജീവനു വേണ്ടിയല്ലെങ്കിൽ, വിശ്വാസത്തിനു വേണ്ടിയുള്ള പരീക്ഷണമായിരുന്നു. [3]ലോയ്സ് ജെ. ഓജിൽവി, *ദ കമെന്റേറ്റേഴ്സ് കമെന്ററി*, വാല്യം 5, *ആക്സ്* (ഡല്ലാസ്: വേഡ് പബ്ലിഷിങ്ങ്, 1983), 339-40. [4]അവൻ ഹേരോദാവ് അഗ്രിപ്പാവ് II ആയിരുന്നു. "പ്രവൃത്തികൾ, 3-ാം" ലക്കത്തിലെ "ഹെരോദാവിന്റെ ഭവനം" എന്ന ചാർട്ട് നോക്കുക. [5]ഈ ഹെരോദാവ് ഹെരോദാവ് അഗ്രിപ്പാവ് I ആയിരുന്നു. "പ്രവൃത്തികൾ, 3-ാം" ലക്കത്തിലെ "താൻ ദൈവം എന്നു വിചാരിച്ച മനുഷ്യൻ" എന്ന പാഠം നോക്കുക. [6]അഗ്രിപ്പാവിനെക്കുറിച്ചും അവന്റെ ഭരണ വിപുലീകരണത്തെക്കുറിച്ചു കൂടുതൽ വിശദാംശങ്ങൾക്ക്, ഈ പുസ്തകത്തിലുള്ള "ചമ്മട്ടിക്കെതിരായ തൊഴി" എന്ന പാഠം നോക്കുക. [7]"പ്രവർത്തികൾ, 2-ാം" ലക്കത്തിലെ "മതിലുകൾ തകർക്കൽ" എന്ന പാഠം നോക്കുക. [8]"പ്രവൃത്തികൾ, 3-ാം" ലക്കത്തിലെ "താൻ ദൈവം എന്നു വിചാരിച്ച മനുഷ്യൻ" എന്ന പാഠം നോക്കുക. ഹെരോദാവ് അഗ്രിപ്പാവ് ടൗണിൽ വന്നപ്പോൾ, വിചാരിക്കുന്നത്, "ഇതെല്ലാം എന്റേത് അല്ലേ"? [9]"പ്രവൃത്തികൾ, 2-ാം" ലക്കത്തിലെ "പ്രവൃത്തികളുടെ പുസ്തകത്തിലെ കാലനിർണ്ണയം നോക്കുക." [10]ഹെരോദാവ് എന്ന പേരിനു അപ്പോഴും വിലയുണ്ട്. മത/രാഷ്ട്രീയ സംഘടനയെ "ദ ഹെരോദിയൻസ്" എന്നു വിളിച്ചിരുന്നു (മർക്കൊസ് 3:6; 12:13 നോക്കുക).

[11]അടുത്ത പാഠത്തിൽ നാം കാണുന്നതു പോലെ, അഗ്രിപ്പാവ് യെഹൂദ്യ വാണിരുന്നില്ലെങ്കിലും, യെരുശലേമിലെ ദൈവാലയത്തിന്റെ രക്ഷാ കർത്തൃത്വവും അവിടെ മഹാപുരോഹിതനെ നിയമിക്കാനുള്ള അധികാരവും റോം അവനു നല്കിയിരുന്നു ഫെസ്തൊസിന്റെ വെല്ലുവിളി ലഘുവാക്കുവാനോ പ്രയാസമാക്കുവാനോ കഴിയുമായിരുന്നു. [12]"പ്രവൃത്തികൾ, 3-ാം" ലക്കത്തിലെ "താൻ ദൈവം എന്നു വിചാരിച്ച മനുഷ്യൻ" എന്ന പാഠം ഒന്നുകൂടെ നോക്കുക. [13]രാജാവും ദേശാധിപതിയും തമ്മിൽ നടന്ന രഹസ്യസംഭാഷണം "എങ്ങനെ ലൂക്കൊസ് അറിഞ്ഞു" എന്നതിൽ, സംശയാലുക്കൾ അതിശയിക്കാറുണ്ട്. അവർ പറയുന്നതു ലൂക്കൊസ് ഫെസ്തൊസിന്റെ വാക്കുകൾ "കണ്ടു

പിടിച്ചു" എന്നാണ്. അവിടെ സന്നിഹിതരായിരുന്ന സേവകന്മാർ ക്രിസ്ത്യാനിത്വത്തോട് അനുകമ്പയുള്ളവരായിരിക്കാൻ സാധ്യതയുണ്ട് (ഫിലിപ്പിയർ 4:22). ഏറ്റവും മുഖ്യം, ലൂക്കൊസ് ദൈവശ്വാസിയനായിരുന്നു എന്നാണ് - രാജാവിന്റെ മുറിയിൽ നടക്കുന്നതും *ദൈവം* അറിയുന്നുണ്ട് (2 രാജാക്കന്മാർ 6:12). [14]യെരുശലേമിൽ സംഭവിച്ചതിനെ ലൂസിയാസ് വിവരിക്കുന്നതുമായി ഇതിനെ താരതമ്യം ചെയ്യുക. (ഈ പുസ്തകത്തിൽ മുൻപുള്ള "പ്രത്യാശ വീണ്ടും ജ്വലിപ്പിക്കൽ" എന്ന പാഠത്തിലെ പ്രവൃത്തികൾ 23:25-30 ന്റെ നോട്ടുകൾ നോക്കുക.) [15]പൗലൊസിനോട് എങ്ങനെ പെരുമാറിയാലും, അവൻ ഒരു *തടവുകാരനായിരുന്നു.* [16]മറ്റൊരു വിധത്തിൽ, കോടതിയിൽ ഓരോ മനുഷ്യനും ഒരു അവകാശമുണ്ട്. റോമൻ നിയമത്തിന്റെ തത്വസംഹിതയിൽ നല്കാവുന്ന വലിയ തത്വങ്ങളായിരുന്നു. ചിലപ്പോൾ, അവരുടെ ആശയങ്ങൾ ബലഹീനമെന്ന് അവർക്കു തോന്നിയിരുന്നു ... അതുപോലെ ഇന്നു നമുക്കും തോന്നാം. [17]ഇതു ഫേലിക്സ് മടിച്ചതിനെ ഫെസ്തോസ് തന്റെ സമവായത്താൽ താരതമ്യം ചെയ്യുമായിരുന്നു. [18]ഫെസ്തൊസ് ഒരു പക്ഷേ, കുലപാതകകുറ്റമോ, വലിയ മോഷണമോ, അല്ലെങ്കിൽ അതുപോലെയുള്ള പ്രതീക്ഷിച്ചിരിക്കാം. [19]എന്തുകൊണ്ടാണ് യെഹൂദപശ്ചാതലമുള്ള ഫെസ്തൊസ് "*അവരുടെ സ്വന്തം* മതം" എന്നു പറയാൻ കാരണം? ഒരു പക്ഷെ യെഹൂദപ്രമാണിമാരുടെ അനീതിയുമായുള്ള ബന്ധം അവന്റെ സന്ദർശകൻ അറിയാൻ അവൻ ആഗ്രഹിച്ചിരിക്കയില്ല. ഒരു പക്ഷെ അതു നാവിതു പിഴച്ചതാകാനും മതി. [20]"മതം" എന്ന വാക്ക് ഗ്രീക്ക് വാക്കിന്റെ മറ്റൊരു രൂപമായ "മതപരം" 17:22-ൽ പറഞ്ഞിരിക്കുന്നു. വാക്കിന്റെ അക്ഷരിക അർത്ഥം "ഡിമൺ - വർഷിപ്പ്" എന്നാണ്. കെ.ജെ.വി തർജ്ജിമ ചെയ്തിരിക്കുന്നത് "അന്ധവിശ്വാസം" എന്നാണ്. "പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "മുൻപു പ്രസംഗിച്ചിട്ടുള്ളതിൽ വെച്ചു ഏറ്റവും വലിയ പ്രസംഗം" എന്ന പാഠത്തിലെ പ്രവൃത്തികൾ 17:22 ന്റെ നോട്ടുകൾ നോക്കുക. ഫെസ്തൊസ് തന്റെ യെഹൂദ അതിഥിയെ മനപ്പൂർവ്വം കളിയാക്കിയില്ലെങ്കിലും, "മതം" എന്നതാണ് നല്ല തർജ്ജിമ. അത് സാധ്യമാണ്, എങ്ങനെയായാലും,അത് - പ്രവൃത്തികൾ 17-ൽ പൗലൊസിനെ പോലെ - അവന്റെ മനസ്സിൽ ദ്വയാർത്ഥമുണ്ടായിരുന്നു.

[21]റോമാ നിയമത്തിന് - എതിരല്ലാത്ത പ്രാദേശിക മതപരമായ നിയമത്തിലോ ആചാരത്തിലോ റോം ഇടപെട്ടിരുന്നില്ല. [22]"യേശു വാസ്തവത്തിൽ ഉയിർത്തെഴുന്നേറ്റോ ഇല്ലയോ എന്നത് അപ്രധാനമാണ്; ആദിമ ക്രിസ്ത്യാനികൾ അവൻ ഉയിർത്തെഴുന്നേറ്റു എന്നു *വിശ്വസിച്ചിരുന്നതാണ്* പ്രധാനം." [23]ആൽബെർട്ട് ബാർനെസ്, *ആക്സ്*, നോട്ട്സ് ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1953), 344. [24]ഈ വാക്കുകൾ സൂചിപ്പിക്കുന്നതു പൗലൊസ് കൈസരെ അഭയം ചൊല്ലിയതുകൊണ്ട് പാലസ്തീൻ വിട്ടു പോകുന്നതുവരെ അവൻ റോമാക്കാരാൽ സംരക്ഷിക്കുമെന്നായിരുന്നു. പൗലൊസിന്റെ മനസ്സിൽ ഇതുണ്ടായിരുന്നാലും ഇല്ലെങ്കിലും, ദൈവ കരുതലിൽ ഇതു പൗലൊസിനു ഫലപ്രദമായി തീർന്നു. [25]"പ്രവൃത്തികൾ, 3-ാം" ലക്കത്തിലെ "താൻ ദൈവം എന്നു വിചാരിച്ച മനുഷ്യൻ" എന്ന പാഠം വീണ്ടും ഒന്നുകൂടെ നോക്കുക. [26]റോമൻ *നിയമാവലി* അനുസരിച്ച്, ഒരു തടവുകാരനെ പരമോന്നത കോടതിയിലേക്ക് അയക്കുമ്പോൾ തടവുകാരനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും എഴുതി അയക്കണം എന്നാണ്. [27]"പോംപ്" എന്നത് ഗ്രീക്കു വാക്കായ *ഫൻറ്റാസിയ* തർജ്ജിമ ചെയ്തതാണ്, അർത്ഥം "കാണിക്കുക, പ്രദർശിപ്പിക്കുക." അതിൽ നിന്നാണ്, നമുക്ക് "ഫാന്റസി" യും "ഫൻറാസ്റ്റിക്," എന്നും ഉള്ള വാക്കുകൾ കിട്ടിയത്. പ്രദർശന ഘോഷയാത്രക്ക് ഈ വാക്ക് ഉപയോഗിച്ചിരുന്നു. ചില തർജ്ജിമകളിൽ ഈ വാക്യത്തിൽ "പ്രദർശന ഘോഷയാത്ര" എന്നതു അവർ ഉപയോഗിച്ചിട്ടുണ്ട്. [28]ദൃക്സാക്ഷി വിവരണം എന്ന നിലയിലാണ് സംഭവം മുഴുവൻ വിവരിച്ചിരിക്കുന്നത്. അറിയപ്പെട്ട ഡോക്ടർ ലൂക്കൊസിനെ ഈ സന്ദർഭത്തിൽ ക്ഷണിച്ചിരിക്കാനും സാധ്യതയുണ്ട്. [29]ചാൾസ് ആർ. *സ്വിൻഡോൾ, ദ സ്ട്രെങ്ങ്ത്ത് ഓഫ് ആൻ എക്സാറ്റിങ്ങ് പാഷൻ* (അനാഹേം, കാലിഫ്.: ഇൻസൈറ്റ് ഫോർ ലിവിങ്ങ്, 1992), 125-26. [30]ചിലർ പറയുന്നതു ന്യായാധിപസംഘം അപ്പോൾ വന്നി

രിക്കാം എന്നാണ്, പക്ഷെ അതിനു സാധ്യതയില്ല. അവർ അനേക ദിവസം മുൻപു തന്നെ മടങ്ങിപ്പോയിരിക്കാം (13 ഉം 14 ഉം വാക്യങ്ങളിലെ സമയം കടന്നു പോയതു ശ്രദ്ധിക്കുക). എങ്ങനെയായാലും, സ്വാധീനമുള്ള പ്രദേശങ്ങളിലെ അസംഖ്യം യെഹൂദന്മാർ, ഒരു പക്ഷെ, വന്നിരിക്കാനിടയുണ്ട്. എല്ലാറ്റിലുമപരി, കൈസര്യ പാലസ്തീനിൽ ആയിരുന്നല്ലൊ.

[31]വില്യം ബാർക്ക്ലേ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ഡെയിലി ബൈബിൾ സീരീസ്, റെവ. ഇഡി. (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 175. [32]കൈസര്യയിൽ അഞ്ചു സഹസ്രാധിപന്മാരെ നിയമിച്ചിരുന്നതായി ജോസെഫെസ് പറഞ്ഞിട്ടുണ്ട്. ഈ ഓരോ ഉദ്യോഗസ്ഥനും ആയിരം പുരുഷന്മാരിൽ അധികാരം കൊടുത്തിരുന്നു. (ഈ പുസ്തകത്തിൽ ഉള്ള "അവർ അനുമാനിച്ചു" എന്ന പാഠത്തിലെ പ്രവൃത്തികൾ 21:31 ന്റെ നോട്ടുകൾ നോക്കുക.) [33]അവരുടെ അപ്പൻ അലങ്കാരപൂർവ്വമായ വസ്ത്രം ധരിച്ചിരുന്നു. ("പ്രവൃത്തികൾ, 3-൧൦" ലക്കത്തിലെ "താൻ ദൈവം എന്നു വിചാരിച്ച മനുഷ്യൻ" എന്ന പാഠത്തിലെ പ്രവൃത്തികൾ 12:21 ന്റെ നോട്ടുകൾ നോക്കുക.) [34]ഈ പ്രയോഗങ്ങൾ ജി. കാംബെൽ മോർഗൻ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* എന്നതിൽ ഉപയോഗിച്ചിട്ടുണ്ട് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്ളെമിങ്ങ് എച്ച്. റെവെൽ കമ്പനി, 1988), 391. [35]ഈ ഇനീഷ്യൽസ് സൂചിപ്പിക്കുന്നത് "വളരെ പ്രധാനപ്പെട്ട വ്യക്തിയെയാണ്." [36]റിക് ആച്ച്‌ലെയുടെ, "റിസൈനിങ്ങ് ടു റിഫൈനിങ്ങ്" എന്ന, 1987 ഏപ്രിൽ 5 ന് ടെക്സാസിലെ, അബിലീനിൽ, ഉള്ള സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ, പ്രസംഗിച്ച പ്രസംഗത്തിൽ നിന്നെടുത്തതാണ്. [37]ഈ ഭാഗത്ത്, ജാതിയമായ ഒരു പ്രായോഗികത നല്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഈ പരീക്ഷണങ്ങൾ പ്രാദേശിക കേൾവിക്കാർക്കു നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി പ്രായോഗികമാക്കണം. [38]ഇത് എനിക്ക് പല പ്രാവശ്യം അനുഭവപ്പെട്ടിട്ടുണ്ട് എന്നു പറയുന്നത് മാറ്റിയുള്ളതാണ്. [39]യു.എസ് ഉപദേഷ്ടാക്കന്മാർ ഇതിനെ അടുത്ത സമയത്ത് വന്ന ടിവി പരസ്യവുമായി ബന്ധപ്പെടുത്തി "ഇതു എല്ലാറ്റിനേയും മാറ്റു" എന്ന് ഉപയോഗിക്കാം! [40]ആവശ്യമെങ്കിൽ യേശു തീർച്ചയായും ഉയിർത്തെഴുന്നേറ്റു എന്നതിന്റെ തെളിവുകളും ഉപയോഗിക്കാം. പൗലൊസിന്റെ ജീവിതത്തിലെ നാടകീയ മാറ്റം, തന്നെ, യേശു ജീവിക്കുന്നു എന്നതിന്റെ നല്ല തെളിവായിരുന്നു.

[41]യേശുവിന്റെ ക്ഷണം വിപുലപ്പെടുത്തിയതുപോലെ പ്രായോഗികത കേൾവിക്കാരുടെ ആവശ്യപ്രകാരം രൂപപ്പെടുത്തണം (മത്തായി 11:28-30).